**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1379** **15-10-2026-ൽ മറുപടിയ്ക്ക്**

**<u>അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സനീഷ്കുമാർ ജോസഫ് ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** അതിരപ്പിള്ളിയിലെ യാത്രി നിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ആതിരപ്പള്ളി യാത്രി നിവാസിന്റെ ഒന്നാം ഘട്ട പ്രവൃത്തികൾക്കായി 18.12.2015-ലെ സ.ഉ(സാധാ) നം. 617/2015/ടി.എസ്.എം പ്രകാരം ആരംഭിച്ച പദ്ധതിക്ക് 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഏകദേശം 97% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിനായി വീണ്ടും 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും നിലവിൽ 65% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ആയതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** യാത്രി നിവാസ് കെട്ടിടം പൂർണ്ണമായും പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുന്നതിനായി ഒന്നും രണ്ടും ഘട്ടങ്ങളിൽ ഉൾപ്പെടാത്ത ഘടകങ്ങൾ ഉൾപ്പെടുത്തി മൂന്നാം ഘട്ടത്തിനായി സ. ഉ (സാധാ) നം. 575/2025/TSM തീയതി 23.09.2025 പ്രകാരം 2,08,50,000/- രൂപയുടെ ഭരണാനുമതി നൽകി ഏജൻസി മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു. ആതിരപ്പള്ളി യാത്രിനിവാസിന്റെ മൂന്നു ഘട്ടങ്ങളും പൂർത്തിയായാൽ മാത്രമേ കെട്ടിടം പൂർണതോതിൽ പ്രവർത്തനസജ്ജമാക്കാൻ സാധിക്കുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**